പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **445** **21.07. 2015-** ലെ മറുപടി

**നേഴ്സിംഗ് ജോലിക്കായുള്ള റിക്രൂട്ട്മെന്റിലെ തട്ടിപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;<br><br>സി)ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | ബി & സി) നഴ്സിംഗ് മേഖലയിലെ സ്വകാര്യ ഏജൻസികൾ വഴിയുള്ള റിക്രൂട്ട്മെന്റിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടും വിദേശരാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയും കേന്ദ്രസർക്കാർ 12/03/2015 ലെ F. OI – 11012/10/2013 – EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ റിക്രൂട്ട്മെന്റ് കേരള സർക്കാർ ഏജൻസികളായ നോർക്ക – റൂട്ട്സ് , ഒ.ഡി.ഇ.പി.സി., തമിഴ്നാട് സർക്കാരിന്റെ കീഴിലെ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ വഴി മാത്രമായി പരിമിതപ്പെടുത്തി ഉത്തരവിറക്കുകയുണ്ടായി. 18 ഇ.സി.ആർ.രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് ഓഫീസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും 31/05/2015 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. |

കൂടാതെ കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയം വിദേശ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പാക്കുന്നതിന് ഇ – മൈഗ്രേറ്റ് എന്ന ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി നിലവിൽ വിദേശ തൊഴിൽ ദാതാക്കൾ, അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസി, സർക്കാർ റിക്രൂട്ട്മെന്റ് ഏജൻസികളായ നോർക്ക – റൂട്ട്സ്, ഒ.ഡി.ഇ.പി.സി., ഓവർസീസ് മാൻപവർ കോർപ്പറേഷൻ, അതാത് പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകൾ എന്നിവരാണ് ഇ – മൈഗ്രേറ്റ് ഓൺലൈൻ സംവിധാനത്തിലൂടെ നഴ്സിംഗ് റിക്രൂട്ട്മെന്റുമായി സഹകരിക്കുന്നത്.

ഡി)ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഡി) നഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ് ഓഫീസുകളിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് പ്രസ്തുത വിഷയം കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും 30/04/2015 – ന് മുൻപ് വരെ എമിഗ്രേഷൻ ക്ലീയറൻസ് ആവശ്യമില്ലായെന്ന വ്യവസ്ഥ 30/05/2015 വരെ ഒരു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 30/05/2015 – ന് മുൻപ് റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തീയതിക്ക് മുൻപും ശേഷവും വീസ ലഭിച്ചവരേയും എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ ബഹു. മുഖ്യമന്ത്രി

24/03/2015 – ൽ യോഗം വിളിച്ചു കൂട്ടുകയും നഴ്സിംഗ് റിക്രൂട്ട്മെന്റ് സുഗമമായി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നോർക്ക – റൂട്ട്സിനെയും ഒ.ഡി.ഇ.പി.സി.യെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദേശ തൊഴിൽദാതാക്കൾ സർക്കാർ ഏജൻസികൾ വഴി റിക്രൂട്ട്മെന്റ് നടത്തുന്നതിനായി ആതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികൾ വിദേശ സർക്കാരുമായി ചർച്ച നടത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ